# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 7674 15.07.2014-ൽ മറുപടിയ്ക്ക്

## മാറാട് മത്സ്യഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എളമരം കരീം: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മാറാട് മത്സ്യഗ്രാമം പദ്ധതി പ്രകാരം ഏറ്റെടുക്കാൻ തീരുമാനിച്ച വികസന പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോന്നിനും നിർദ്ദേശിച്ച തുക എത്രയാണെന്നും വിശദീകരിക്കാമോ? | (എ) മാറാട് മത്സ്യഗ്രാമം പദ്ധതിയിൽ കോഴിക്കോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് മുഖേന 59 മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് 2.5 ലക്ഷം രൂപ വീതം വീട് നിർമ്മാണ ധനസഹായം അനുവദിക്കുകയും 57 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുകയും 2 ഗുണഭോക്താക്കൾ വീട് നിർമ്മാണത്തിന്റെ അവസാനഘട്ടം (കോൺക്രീറ്റ് റൂഫ് ഘട്ടം) പൂർത്തീകരണത്തിലുമാകുന്നു. ഈ പദ്ധതി പ്രകാരം ആകെ 145.5 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.<br><br>മാതൃകാ മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാറാട് മത്സ്യഗ്രാമത്തിൽ 70 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി, 7 ലക്ഷം രൂപയുടെ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നിവയും മാറാട്, ബേപ്പൂർ മത്സ്യഗ്രാമങ്ങളിലായി 26 ലക്ഷം രൂപയുടെ വൈദ്യുതീകരണം എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br><br>ജപ്പാൻ കുടിവെള്ള പദ്ധതി മാറാട് മത്സ്യഗ്രാമത്തിൽ നടപ്പിലാക്കി വരുന്നതിനാൽ അതിന്റെ ഭാഗമായി മാത്രമേ പ്രസ്തുത കുടിവെള്ള പദ്ധതി നടപ്പിലാക്കുവാൻ കഴിയുകയുള്ളുവെന്ന് കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. അതിനാൽ പദ്ധതി നടപ്പാക്കാൻ കാലതാമസം നേരിടുന്നു. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. വൈദ്യുതീകരണത്തിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായി കരാർ ഒപ്പുവയ്ക്കുകയും ഫണ്ട് കൈമാറുകയും ചെയ്തു കഴിഞ്ഞു.<br>ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന പദ്ധതി 6 മാസത്തിനകം പൂർത്തിയാകും. കുടിവെള്ള പദ്ധതി മറ്റ് പദ്ധതികളുമായി ബന്ധപ്പെട്ട് കിടക്കുന്നതിനാൽ അതിനനുസൃതമായി പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ആഫീസർ